മാന്നാറിൽ സബ് ട്രഷറി

27 (982)ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മാന്നാർ ഏകാംഗ ട്രഷറി സബ് ട്രഷറിയായി ഉയർത്തുവാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മാന്നാറിൽ സബ് ട്രഷറി സ്ഥാപിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ചെങ്ങന്നൂർ താലൂക്കിൽ കൂടുതൽ ഏകാംഗ ട്രഷറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) മാന്നാറിൽ ഉടനെ ഒരു സബ് ട്രഷറി സ്ഥാപിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

ഹൗസിംഗ് സഹകരണ സംഘങ്ങളുടെ ഭവന നിർമ്മാണ വായ്പയ്ക്ക് അധിക രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതായ പരാതി

28 (983)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഹൗസിംഗ് സഹകരണ സംഘങ്ങൾ ഭവന നിർമ്മാണ വായ്പയ്ക്ക് പണയാധാരം രജിസ്റ്റർ ചെയ്യുമ്പോൾ ചില സബ് രജിസ്ട്രാർമാർ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി അധിക രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി കണ്ണൂർ കോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റിയുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇക്കാര്യത്തിൽ കണ്ണൂർ കോ-ഓപ്പറേറ്റീവ് ബിൽഡിംഗ്സ് സൊസൈറ്റിയുടെ പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly